Class No. : ..................................

Name : ..........................................

FY 3048

# FIRST YEAR HIGHER SECONDARY SECOND TERMINAL EXAMINATION, DECEMBER 2025

## Part – III

## BUSINESS STUDIES WITH FM

**Maximum : 80 Scores**

Time : 2½ Hours

Cool-off Time : 15 Minutes

---

***General Instructions to Candidates :***

- *There is a 'Cool off time' of 15 minutes in addition to the writing time.*
- *Use 'cool off time' to get familiar with questions and to plan your answers.*
- *Read questions carefully before answering.*
- *Calculations, figures and graphs should be shown in the answer sheet itself.*
- *Malayalam version of the questions is also provided.*
- *Give equations wherever necessary.*
- *Electronic devices except non programmable calculators are not allowed in the Examination Hall.*

വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിട്ട് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

Score

**1 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും എട്ടെണ്ണത്തിന് ഉത്തരമെഴുതുക.**
**1 സ്കോർ വീതം.** **(8×1=8)**

1. താഴെക്കൊടുത്തിട്ടുള്ളവയിൽ ബിസിനസിന്റെ സാമൂഹ്യ ഉത്തരവാദിത്തം അല്ലാത്തതേത് ?
   a) ഗുണമേന്മയുള്ള സാധനങ്ങളും സേവനങ്ങളും ന്യായവിലയ്ക്കു നല്കുക
   b) പരിസ്ഥിതി മലിനീകരണ വിമുക്തമാക്കുക
   c) ഏതു വിധേനയും മൂലധനത്തിന് ഉയർന്ന പ്രതിഫലം നേടുക
   d) തൊഴിലാളികളുടെ ജനാധിപത്യ അവകാശങ്ങൾ മാനിക്കുക

2. ബി ടു ബി ഇടപാടിന് ഒരുദാഹരണമെഴുതുക.

3. സെബി മാർഗരേഖകൾ പ്രകാരം പുറപ്പെടുവിച്ച മൂലധനത്തിന്റെ __________ ശതമാനമാണ് മിനിമം സബ്സ്ക്രിപ്ഷന്റെ പരിധി.

4. കമ്പനി രൂപീകരണത്തിലെ എല്ലാ പ്രവർത്തനങ്ങളും ഏറ്റെടുത്തു നടപ്പാക്കുന്നതിൽ വൈദഗ്ദ്ധ്യമുള്ള വ്യക്തിയെ സൂചിപ്പിക്കുന്ന പദം ഏതെന്നു തിരിച്ചറിയുക.

5. __________ വഴി നല്കുന്ന ഒരു ധനകാര്യ സേവനമാണ് പി. പി. എഫ്. അഥവാ പബ്ലിക് പ്രോവിഡന്റ് ഫണ്ടുകൾ.
   a) സഹകരണ ബാങ്കുകൾ
   b) തപാൽ ഓഫീസുകൾ
   c) വില്ലേജ് ഓഫീസുകൾ
   d) വാണിജ്യ ബാങ്കുകൾ

6. ഒറ്റപ്പെട്ടത് തിരഞ്ഞെടുക്കുക.
   a) കടപ്പത്രങ്ങൾ
   b) ഇക്വിറ്റി ഓഹരികൾ
   c) കരുതൽ ലാഭം
   d) കൊമേഴ്സ്യൽ പേപ്പറുകൾ

Score

7. ലാഭം ഓരോ ബിസിനസുകാരനും ശക്തമായ പ്രചോദനം നല്കുന്നു.
താഴെ പ്രതിപാദിച്ചിട്ടുള്ളവയിൽ നിന്നും ബിസിനസിൽ ലാഭത്തിന്റെ പങ്ക് എന്താണെന്ന് കണ്ടെത്തുക.

i. വളർച്ചയ്ക്കുള്ള ധനസ്രോതസ്സാണ്.

ii. ബിസിനസുകാരുടെ ഉപജീവനമാർഗമാണ്.

iii. നഷ്ടസാധ്യത ഏറ്റെടുക്കുന്നതിനുള്ള പ്രതിഫലമാണ്.

iv. ബിസിനസ് സ്ഥാപനത്തിന് സല്പേര് സൃഷ്ടിക്കുന്നതാണ്.

a) i മാത്രം b) ii ഉം iii ഉം

c) i, iii, iv എന്നിവ d) i, ii, iii, iv എന്നിവ

8. ചുവടെ ചേർത്തിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വകുപ്പുതല സംരംഭം കണ്ടെത്തുക.


a) എയർ ഇൻഡ്യ

b) ഇൻഡ്യൻ റെയിൽവേ

c) ഓ. എൻ. ജി. സി.

d) ആർ. ബി. ഐ.

9. പരമ്പര പൂർത്തിയാക്കുക.




10. ഹിന്ദു കൂട്ടുകുടുംബ ബിസിനസിലെ കൂട്ടവകാശികളായ അംഗങ്ങളുടെ ബാധ്യത ______

a) ക്ലിപ്തമാണ്

b) അക്ലിപ്തമാണ്

c) ഒരുമിച്ചുള്ളതാണ്

d) ഇവയൊന്നുമല്ല

Score

**11 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(5×2=10)**

**11.** സർക്കാർ കമ്പനിയുടെ ഏതെങ്കിലും രണ്ടു സവിശേഷതകൾ കുറിക്കുക.

**12.** പിഴവുകളില്ലാത്ത പണമടയ്ക്കൽ രീതികളാണ് ഓൺലൈൻ ഇടപാടുകളുടെ വിജയത്തിന് ഏറ്റവും ആവശ്യമായിട്ടുള്ളത്. ഏതെങ്കിലും നാല് പണമടയ്ക്കൽ രീതികൾ ലിസ്റ്റു ചെയ്യുക.

**13.** സാധനങ്ങളും സേവനങ്ങളും തമ്മിലുള്ള ഏതെങ്കിലും രണ്ടു വ്യത്യാസങ്ങളെഴുതുക.

**14.** പ്രായോഗികതാപഠനം എന്നതുകൊണ്ട് എന്താണുദ്ദേശിക്കുന്നത് ?

**15.** ചുവടെ ചേർത്തിരിക്കുന്ന ചുരുക്കെഴുത്തുകളുടെ വികസിത രൂപം എഴുതുക.

a) ബി. പി. ഓ.

b) വി. പി. എൻ.

**16.** ഒരു കമ്പനി രൂപീകരണത്തിന്റെ ഭാഗമായി ചില പ്രധാനരേഖകൾ തയ്യാറാക്കി വേണം രജിസ്ട്രേഷനായി ഹാജരാകേണ്ടത്. ഏതെങ്കിലും 4 രേഖകൾ/പ്രമാണങ്ങൾ പട്ടികപ്പെടുത്തുക.

**17 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം.** **(5×3=15)**

**17.** സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകളിലെ ഏതെങ്കിലും മൂന്നു സവിശേഷതകൾ പ്രസ്താവിക്കുക.

**18.** ലഘുവിവരണം തയ്യാറാക്കുക.

a) ലൈഫ് ഇൻഷ്വറൻസ്

b) മറൈൻ ഇൻഷ്വറൻസ്

**19.** ഏകാംഗവ്യാപാരിയായ ശ്രീ. ദീപക് പുറമേ നിന്നും ഒരു യന്ത്രം മാസവാടകയ്ക്ക് എടുത്ത് ഉപയോഗിച്ചു വരുന്നു.

a) അദ്ദേഹം ഏർപ്പെട്ടിരിക്കുന്ന ധനകാര്യ സേവനമേതെന്നു തിരിച്ചറിയുക.

b) അത്തരം സേവനത്തിന്റെ ഏതെങ്കിലും രണ്ടു ഗുണവശങ്ങൾ വ്യക്തമാക്കുക.

**20.** ഒരു ബിസിനസ് സ്ഥാപനത്തിന് അതിന്റെ പ്രവർത്തനങ്ങളിലൂടെ ധാർമികത ഊട്ടിയുറപ്പിക്കാൻ കഴിയുന്നത് എപ്രകാരമാണ് ?
(സൂചന : ബിസിനസ് സദാചാരത്തിന്റെ ഘടകങ്ങൾ)

Score

21. ബിസിനസിന് അതുള്ളിടത്തോളം കാലം സുദീർഘമായി ഉപയോഗിക്കാൻ കഴിയുന്ന ശാശ്വതമായ ധനമാണിത്.

മുകളിൽ പരാമർശിച്ചിട്ടുള്ള വ്യാപാരധനസ്രോതസ്സ് ഏതാണെന്നെഴുതി അതിന്റെ ഏതെങ്കിലും രണ്ടു സവിശേഷതകൾ കൂടി എഴുതുക.

22. സാമൂഹ്യ ഉത്തരവാദിത്തം ഏറ്റെടുക്കുന്നതിന് എതിരായ രണ്ടു വാദഗതികൾ താഴെച്ചേർക്കുന്നു. അവ വിശദമാക്കുക.

a) ഉപഭോക്താക്കളുടെ മേൽ കൂടുതൽ ഭാരം

b) ലാഭസമ്പാദനം എന്ന ലക്ഷ്യം ലംഘിക്കുന്നു.

**23 മുതൽ 27 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(4×4=16)**

23. a) ആഗോളസംരംഭങ്ങൾ എന്നാലെന്ത് ?

b) അവയെ ഇതര വ്യാപാര സ്ഥാപനങ്ങളേക്കാൾ മികവുറ്റതായി കണക്കാക്കാൻ കാരണമെന്ത് ?

24. വ്യാപാരത്തെയും അതിന്റെ അനുബന്ധ ഘടകങ്ങളെയും വ്യക്തമാക്കുന്ന ഒരു ഡയഗ്രം വരയ്ക്കുക.

25. ''ബിസിനസും പരിസ്ഥിതി സംരക്ഷണവും'' എന്ന വിഷയത്തെ ആസ്പദമാക്കി ഒരു ക്ലാസ് തല സെമിനാർ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ അധ്യക്ഷൻ എന്ന നിലയിൽ മലിനീകരണ നിയന്ത്രണത്തിന്റെ ആവശ്യകതയെപ്പറ്റി വിശദീകരിക്കുക.

26. അമനും അനാമികയും ഒരു സ്ഥാപനത്തിലെ പങ്കാളികളാണ്.

ഭാവിയിലെ തർക്കങ്ങൾ ഒഴിവാക്കുന്നതിനായി ബിസിനസ് കരാറിലെ വ്യവസ്ഥകൾ എഴുതിച്ചേർത്ത് ഒരു രേഖയുണ്ടാക്കാൻ അവർ തീരുമാനിച്ചു.

a) എഴുതിയുണ്ടാക്കുന്ന ആ രേഖയുടെ പേരെഴുതുക. (1)

b) അതിലെ ഏതെങ്കിലും 6 ഉള്ളടക്കവും സൂചിപ്പിക്കുക. (3)

27. താഴെപ്പറയുന്ന ഇൻഷ്വറൻസ് തത്വങ്ങൾ ചുരുക്കിയെഴുതുക.

a) നഷ്ടോത്തരവാദിത്തം

b) നഷ്ടം ലഘൂകരിക്കൽ

Score

**28 മുതൽ 31 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരമെഴുതുക. 5 സ്കോർ വീതം.** (3×5=15)

28. താഴെക്കൊടുത്തിരിക്കുന്ന സൂചകങ്ങളെ അടിസ്ഥാനമാക്കി ഇ-ബിസിനസിനെയും പരമ്പരാഗത ബിസിനസിനെയും താരതമ്യം ചെയ്യുന്ന ഒരു പട്ടിക തയ്യാറാക്കുക.
   - രൂപീകരിക്കുന്നതിന്റെ ചെലവ്
   - ഭൗതികമായ സാന്നിധ്യം
   - വ്യക്തിബന്ധങ്ങൾക്കുള്ള സാധ്യത
   - ഇടപാടുകളിലെ നഷ്ടസാധ്യത
   - രൂപീകരണം

29. ഓഹരികൾ, കടപ്പത്രങ്ങൾ എന്നിവ തമ്മിൽ വ്യത്യാസപ്പെടുത്തുക. (ഏതെങ്കിലും 5 എണ്ണം)

30. ഭാഗം A യെ അടിസ്ഥാനമാക്കി B, C എന്നീ ഭാഗങ്ങൾ ചേരുംപടി ചേർക്കുക.

| ഭാഗം A | ഭാഗം B | ഭാഗം C |
|---|---|---|
| സാമ്പത്തിക പ്രവർത്തനങ്ങൾ | വിദഗ്ദ്ധ സേവനങ്ങൾ | ഉപഭോക്തൃ സംതൃപ്തി വഴി ലാഭം |
| സാമ്പത്തികേതര പ്രവർത്തനങ്ങൾ | വാണിജ്യം + വ്യവസായം | സേവന കരാർ |
| ബിസിനസ് | ശമ്പളം അല്ലെങ്കിൽ കൂലി | ജീവിതമാർഗത്തിനുള്ള സമ്പാദനം |
| വിദഗ്ദ്ധ തൊഴിൽ | സ്വത്ത് രൂപീകരണം | വീട്ടമ്മമാർ |
| തൊഴിൽ | മാനസിക സംതൃപ്തി | പെരുമാറ്റച്ചട്ടം |

31. ഇ-ബിസിനസിന്റെ പരിമിതികൾ വിവരിക്കുക. (ഏതെങ്കിലും 5 പോയിന്റുകൾ)

**32 മുതൽ 34 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. 8 സ്കോർ വീതം.** (2×8=16)

32. ബിസിനസ് സംരംഭങ്ങളുടെ അനുയോജ്യമായ രൂപം (ഇനം) തിരഞ്ഞെടുക്കുമ്പോൾ പരിഗണിക്കേണ്ട ഘടകങ്ങൾ വിവരിക്കുക.

33. വാണിജ്യബാങ്കുകളുടെ വിവിധ ധർമ്മങ്ങൾ ലഘുവായി പ്രതിപാദിക്കുക.

34. സഹകരണ സംഘങ്ങളുടെ ഏതെങ്കിലും നാലു ഗുണങ്ങളും ഏതെങ്കിലും നാലു പരിമിതികളും വിശദീകരിക്കുക.